**നം.കെ.എസ്.എ-കെ.ടി.എം.പി.10/1130/2016 തീയതി:04.08.2016**

## കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കി. അനുവദിക്കപ്പെട്ട മനുഷ്യദിനങ്ങളുടെ അപര്യാപ്തതകൊണ്ടും പ്രത്യേകം നിർദ്ദേശിക്കപ്പെട്ടതുകൊണ്ടും രസീത് പരിശോധനയും പണം ഒടുക്കലിന്റെയും പിൻവലിക്കലിന്റെയും പരിശോധനയും നടത്തിയില്ല. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 20 എണ്ണം നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭ്യമാക്കി. ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.07.2016 മുതൽ 30.07.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബീനാകുമാരി സി.ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധാ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജയശ്രീ പി.ജി. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി വാസന്തി തങ്കേശൻ | 01.04.14 മുതൽ 31.3.15 വരെ |
| സെക്രട്ടറി | ശ്രീ.പി.ജി.മധുസൂദനൻനായർ | 1.4.14 മുതൽ 8.7.14 വരെയും 30.8.14 മുതൽ 31.12.14 വരെയും |
| | ശ്രീ.ബി.പി.കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് | 9.7.14 മുതൽ 29.8.14 വരെ |
| | ശ്രീ.സൈമൺ വർഗ്ഗീസ് | 1.1.15 മുതൽ 31.3.15 വരെ |

### സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി റോസിലി ജോൺ | 01.04.14 മുതൽ 31.03.15 വരെ |

| | | |
|---|---|---|
| ക്ഷേമകാര്യം | ശ്രീ.റ്റി.എസ്.രാജു | 01.04.14 മുതൽ 31.03.15 വരെ |
| ആരോഗ്യം/ വിദ്യാഭ്യാസം | ശ്രീമതി സരിത ശ്രീകാന്ത് | 01.04.14 മുതൽ 31.03.15 വരെ |
| ധനകാര്യം | ശ്രീ.ആനന്ദ് പഞ്ഞിക്കാരൻ | 01.04.14 മുതൽ 31.03.15 വരെ |

## മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീജ.പി.എസ് | 01.04.14 മുതൽ 17.07.14 വരെ |
| | ശ്രീ.ബി.പി.കുമാർ | 18.07.14 മുതൽ 10.09.14 വരെ |
| | ശ്രീ.ടോം കെ.ജോസഫ് | 11.09.14 മുതൽ 31.03.15 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി സൗമ്യ കെ. | 01.04.14 മുതൽ 18.06.14 വരെയും16.12.14 മുതൽ 31.03.15 വരെയും |
| | ശ്രീ.സലിൽ ക്ലീറ്റസ് | 19.06.14 മുതൽ 15.12.14 വരെ |
| കൃഷി ഓഫീസർ | ശ്രീമതി പ്രിയ കുമാർ | 01.04.14 മുതൽ 10.12.14 വരെ |
| | ശ്രീമതി ഷെർലി സക്കറിയാസ് | 11.12.14 മുതൽ 31.03.15 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി കുക്കു അച്ചാമ്മ പുളിമൂട് | 01.04.14 മുതൽ 31.03.15 വരെ |
| വി.ഇ.ഒ.1 | ശ്രീ.ഗിരീഷ് കെ.ദാസ് | 01.04.14 മുതൽ 31.03.15 വരെ |
| വി.ഇ.ഒ.2 | ശ്രീ.വി.ദിലീപ് കുമാർ | 01.04.14 മുതൽ 31.03.15 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി റോസിലിൻ ജോസഫ് | 01.04.14 മുതൽ 31.03.15 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാകുമാരി ബി. (സി.ഡി.പി.ഒ) | 01.04.14 മുതൽ 21.10.14 വരെ |
| | ശ്രീമതി ജയകുമാരി ജെ. | 22.10.14 മുതൽ 16.03.15 വരെ |
| | ശ്രീമതി ത്രേസ്യാമ്മ എം.എൽ. | 17.03.15 മുതൽ 31.03.15 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഇ.കെ.ഓമന | 01.04.14 മുതൽ 31.03.15 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.കെ.മനോഹരൻ | 01.04.14 മുതൽ 31.03.15 വരെ |

## ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | **ഭാഗം 1-പൊതു അവലോകനം** |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | **ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം – പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം |
| 2-3 | തൊഴിൽനികുതി-ഈടാക്കിയതിൽ കുറവ് |
| 2-4 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല |
| 2-5 | സ്ഥാപന തൊഴിൽനികുതി-ഈടാക്കിയില്ല |
| 2-6 | പഞ്ചായത്ത് അംഗം ആയിരിക്കെ പഞ്ചായത്തുമായി കരാർ ചമയ്ക്കുകയും നിക്ഷിപ്ത താത്പര്യത്തോടെ പഞ്ചായത്ത് ആസ്തി കൈകാര്യം ചെയ്യുകയും ചെയ്തത് നിയമവിരുദ്ധം |
| 2-7 | മുൻവർഷ വാടക കുടിശ്ശിക – 25.4 ലക്ഷം രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു |
| 2-8 | പഞ്ചായത്ത് കെട്ടിടത്തിൽ അക്ഷയ സെന്റർ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| | **ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 3-1 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം – നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല – വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 3-2 | തൊണ്ണംകുഴി മാർക്കറ്റ് നിർമ്മാണം – 35.35 ലക്ഷം രൂപയുടെ മൊബിലൈസേഷൻ അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല – പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം |

| | |
|---|---|
| 3-3 | പ്രവർത്തനക്ഷമമല്ലാത്ത തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത് – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | എസ്.സി കോളനികളിൽ പൈപ്പ്ലൈൻ വലിയ്ക്കൽ-ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ് |
| 3-5 | വിതരണരേഖകൾ ലഭ്യമല്ല ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു |
| 3-6 | ഭവനനിർമ്മാണം (പട്ടികജാതി) വീടുപണി പൂർത്തീകരിച്ചില്ല |
| 3-7 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ്-കാലിത്തീറ്റയ്ക്ക് ഇറക്കുകൂലി നൽകിയത് ക്രമവിരുദ്ധം |
| 3-8 | എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | **ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 4-1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഒാഡിറ്റ് സാക്ഷ്യപത്രം 2014-15 |
| അനുബന്ധം–2 | ബാലൻസ് ഷീറ്റ് 2014-15 |
| അനുബന്ധം–3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2014-15 |
| അനുബന്ധം–4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15 |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26.02.2014 തീയതിയിലെ തീരുമാനം നം- 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,50,00,000 | 2,59,59,821.94 | 1,09,59,821.94 | | 42.218 |

| | | | | | |
|---|---|---|---|---|---|
| വരവ് | 19,23,04,500 | 6,97,22,374 | | 12,25,821.26 | 63.74 |
| ആകെ | 20,73,04,500 | 9,56,82,195.94 | | 11,16,22,304.10 | 53.84 |
| ചെലവ് | 19,74,26,500 | 6,16,11,244 | | 13,58,15,256 | 68.79 |
| നീക്കിയിരിപ്പ് | 98,78,000 | 3,40,70,951.94 | 2,41,92,951.94 | | 71.01 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 31.07.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 19.10.2015 | കെ.എസ്.എ-കെ.ടി.എം.പി 14/ജി.പി1/2015/31.12.2015 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,59,59,821.94 |
| വരവ് | 6,97,22,374.00 |
| ആകെ | 9,56,82,195.94 |
| ചെലവ് | 6,16,11,244.00 |
| നീക്കിയിരിപ്പ് | 3,40,70,951.94 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,51,374 | 1,04,16,000 | 1,05,67,374 | 86,50,652 | 19,16,722 | 81.86 |
| വികസനഫണ്ട് എസ്.സി.പി. | 10,000 | 25,55,000 | 25,65,000 | 22,03,900 | 3,61,100 | 85.92 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 71,000 | 71,000 | 71,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6,78,387 | 54,93,848 | 61,72,235 | 44,58,106 | 17,14,129 | 72.23 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2,20,000 | 32,55,682 | 34,75,682 | 23,68,944 | 11,06,738 | 68.16 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,60,466 | 66,47,481 | 71,07,947 | 55,74,513 | 15,33,434 | 78.43 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 6,05,102 | 28,27,000 | 34,32,102 | 6,03,536 | 28,28,566 | 17.59 |

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ പദ്ധതി രൂപീകരണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | മിനുട്ട്സ് ബുക്കിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| പദ്ധതിആസൂത്രണ ഗ്രാമസഭകൾ | 12.02.14 – 15.02.14 |
| ഊരുക്കൂട്ട യോഗങ്ങൾ - | 15.2.14 |
| വികലാംഗ ഗ്രാമസഭ | 15.2.14 |
| ലേബർ ഗ്രാമസഭ | 03.09.13 |
| വികസന സെമിനാർ | മിനുട്ട്സ് ബുക്കിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | 06.05.15 ലെ 2-ാം നമ്പർ തീരുമാനം |
| ജില്ലാആസൂത്രണസമിതി അംഗീകാരം | 980/2014/ഡി.പി.സി./ ഡിപിഒ/കെ.ടി.എം. തീ.15.06.15 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 13.10.2014 ലെ 1(3)-ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 09.07.14, 25.07.14, 12.08.14, 07.10.14, 02.03.15, 16.03.15 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 78529024 | 86 | 32990829 | 56 | 114 | 33.59 |

പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അംഗീകാരത്തോട് കൂടി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും കൂടിയിട്ടുള്ളതായി മിനുട്ട്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. 2014-15 വാർഷിക പദ്ധതിയുടെ നടത്തിപ്പിലെ നേട്ടങ്ങൾ/കോട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**നേട്ടങ്ങൾ**

ഉല്പാദന മേഖലയിൽ വിവിധങ്ങളായ പ്രോജക്ടുകൾക്കായി 31,99,997 രൂപ ചെലവഴിച്ചിട്ടുണ്ട് .

ആശ്രയ പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്.

തൊണ്ണംകുഴി ഗവ. എൽ.പി.ബി.സ്ക്കൂൾ പുനരുദ്ധാരണം നടപ്പാക്കി.

സ്വാന്തന പരിചരണ പദ്ധതി പ്രകാരം അവശരായ രോഗികൾക്ക് സ്വാന്തനമേകാൻ സാധിച്ചു.

വിവിധ വാർഡുകളിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പാക്കി.

ഭവന പുനരുദ്ധാരണ, നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കി .

**കോട്ടങ്ങൾ**

വിവിധ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ച പ്രോജക്കുകളുടെ 33.59 % മാത്രമാണ് തൻ വർഷം നടപ്പാക്കിയത്.

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച തൊണ്ണംകുഴി മാർക്കറ്റ് കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല.

തുടർ സാക്ഷരതാ കേന്ദ്രത്തിന് നിർമ്മിച്ച കെട്ടിടം സാമൂഹ്യവിരുദ്ധരുടെ താവളമായി തീർന്നിരിക്കുന്നു.

നിക്ഷേപ ഫണ്ട് കൈമാറൽ പ്രവൃത്തികൾക്ക് ഗണ്യമായതുക ചെലവഴിച്ചെങ്കിലും തുകയുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

വിവിധ പ്രോജക്കുകളിൽ ഉൾപ്പെടുത്തി വാങ്ങിയ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ സ്പെസിഫിക്കേഷൻ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണ വിവരം ചേർക്കുകയോ ചെയ്യുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**മോണിറ്ററിംഗ്**

മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ ഫയലുകളിലും എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.88 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5812042 | 7012243 | (+)1200201 | (+)20.65 |
| നികുതിയേതര വരവുകൾ | 6127137 | 5662686 | (-)464451 | (-)7.58 |
| മറ്റ് വരവുകൾ | 6050346 | 7092415 | (+)1042069 | (+)17.22 |
| ആകെ | 17989525 | 19767344 | (+)1777819 | (+)9.88 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,32,680 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 78,70,543 | 1049 |
| വിധവാപെൻഷൻ | 39,84,113 | 412 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 9,25,245 | 39 |
| വികലാംഗപെൻഷൻ | 24,42,510 | 211 |
| അവിവാഹിത പെൻഷൻ | 1,81,545 | 21 |
| വിവാഹ ധനസഹായം | 80,000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6385 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം വിവിധ സെക്ഷനുകളുടെ ജോലി നിർണ്ണയിച്ച് സെക്ഷനുകളെ ഉത്തരവാദിത്തപ്പെടുത്തിയിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സെക്രട്ടറിയുടെ പ്രോജക്ട് ഫയലുകൾ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളോടൊപ്പം ചെലവുകൾക്ക് ആധാരമായ അനുബന്ധരേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ വാടക ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിമുക്ത ഭടൻമാരുടെ വസ്തുനികുതിയിളവുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ സോഫ്റ്റ്‌വെയറിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.16 മുതൽ 19.07.16 വരെ | 6/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.06.14 മുതൽ 21.06.14 വരെ | 2009-10 – 2013-14 | LBA(HQ)11/ 8A2168/169/24.07.14 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ടി വാർഷിക കണക്കുകളിന്മേൽ പ്രാഥമിക പരിശോധന നടത്തി നം.കെ.എസ്.എ-കെ.ടി.എം-ജി.പി-14/ജി.പി1/2015 തീയതി.31.12.2015 പ്രകാരം വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു. വിശദമായ ഓഡിറ്റിലും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.26.7.11 ലെ ജി.ഒ.(എം.എസ്.) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2.വാടക ഒഴികെയുള്ള വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയ തുകകളൊന്നും ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വാടക മുൻവർഷ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. എം.ജി.എൻ.ആർ.ഇ.ജി.എസ്. കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായിതിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ഥ ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ഥ നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് അച്ചടി)19/2011 തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (27.12.2011 ലെ 358/2011 നമ്പർ തീരുമാനം; അന്തിമ വിജ്ഞാപനം എ3-211/12 തീയതി 5.1.12). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 50/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ) | നിർണയിച്ചനികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) ഇളവ് -10% വർദ്ധന -20% | നിർണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | 3/140A | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 15.3575 | 845 | 1014 | 169 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 3/140B | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 17.7775 | 979 | 1173 | 194 |
| | 3/140 C | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 19.2375 | 1059 | 1270 | 211 |
| | 3/140D | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 18.3375 | 1009 | 1210 | 201 |
| | 3/140E | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 17.077 | 940(ഒന്നാം നില ഇളവ് 5%) | 1076 | 136 |
| | 3/140F | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 19.497 | 1073(ഒന്നാം നില ഇളവ് 5%) | 1228 | 155 |
| | 3/140G | കെ.ആർ.കുഞ്ഞച്ചൻ, കളപ്പുരയിൽ | 34.137 | 1878 (ഒന്നാം നില ഇളവ് 5%) | 2151 | 273 |
| | 11/344A | എ.യു.ജോസ്, ആലുങ്കൽ | 15.66(G.F.) | 940 (20% വർദ്ധനവ്) | 1128 | 188 |
| | 11/344B | എ.യു.ജോസ്, ആലുങ്കൽ | 16.61 | 998 (20% വർദ്ധനവ്) | 1196 | 198 |
| | 11/344C | എ.യു.ജോസ്, ആലുങ്കൽ | 16.92 | 1016 (20% വർദ്ധനവ്) | 1218 | 202 |
| | 11/344D | എ.യു.ജോസ്, ആലുങ്കൽ | 16.02 | 962 (20% വർദ്ധനവ്) | 1153 | 191 |
| | 11/344E | എ.യു.ജോസ്, ആലുങ്കൽ | 13.11 | 630 (20% വർദ്ധനവ്) @40 രൂപ നിരക്കിൽ | 944 | 314 |
| | 11/344F | എ.യു.ജോസ്, ആലുങ്കൽ | 29.42 (f.f.) | 1692 (20% വർദ്ധനവ്, 5% ഇളവ്) | 2030 | 338 |
| | 11/344G | എ.യു.ജോസ്, ആലുങ്കൽ | 39.46 | 2270 (20% വർദ്ധനവ്, 5% ഇളവ്) | 2723 | 453 |
| | 11/344H | എ.യു.ജോസ്, ആലുങ്കൽ | 39.04 | 2246 (20% വർദ്ധനവ്, 5% ഇളവ്) | 2694 | 448 |
| | 11/344I | എ.യു.ജോസ്, ആലുങ്കൽ | 20.41 G.F. | 1226 (20% വർദ്ധനവ് ) | 1470 | 244 |

| | |
|---|---|
| ആകെ | 3915 രൂപ |

3915 രൂപ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി(നം.11) നൽകിയതിന് ലഭിച്ച മറുപടിയിൽ ഓരോ മുറിയുടെയും വിസ്തീർണ്ണം 100m2 ൽ കുറവായതിനാലാണ് ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 60 രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കി ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി- ഈടാക്കിയതിൽ കുറവ്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനത്തിലെ ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും 2014-15 1ാം അർദ്ധവർഷം തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| പേര്, ഉദ്യോഗപ്പേര് | അർദ്ധവാർഷിക വരുമാനം | തൊഴിൽനികുതി ഈടാക്കിയത് | ഈടാക്കേണ്ട തൊഴിൽനികുതി | കുറവ് |
|---|---|---|---|---|
| ബിസ്മി യൂസഫ്, ഫാർമസിസ്റ്റ് ഗ്രേഡ്-3 | 48000 | 300 | 450 | 150 |
| അനു ടി.പി., ഫാർമ.-3 | 48000 | 300 | 450 | 150 |
| മഞ്ജു റ്റി.എം., ഫാർമ.-3 | 60000 | 450 | 600 | 150 |
| രമ്യ ഗോപാലകൃഷ്ണൻ, ഫാർമ.-3 | 48000 | 300 | 450 | 150 |
| ശ്രീജമോൾ പി.ബി., ഫാർമ.-3 | 60000 | 450 | 600 | 150 |
| വിജിമോൾ വി., ഫാർമ.-3 | 48000 | 300 | 450 | 150 |
| ലീനമോൾ എം.ബി., ഫാർമ.-3 | 48000 | 300 | 450 | 150 |
| സരിത കൃഷ്ണൻ, ഫാർമ.-3 | 48000 | 300 | 450 | 150 |
| | | | ആകെ | 1200 |

## 2-4 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 14-15 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എൽ.സി.എം ഹോസ്പിറ്റൽ | 1 |
| ടൈം കീപ്പിംഗ് യൂണിറ്റ്, ആർപ്പൂക്കര ബസ് സ്റ്റാന്റ് | 2 |
| ടി.എസ് നം.48, കുമരംചിറ | 1,2 |

## 2-5 സ്ഥാപന തൊഴിൽനികുതി-ഈടാക്കിയില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2014-15 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. എസ്.ബി.ടി. കരിപ്പൂത്തട്ട്

2. ആർപ്പൂക്കര റൂറൽ കോപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി

3. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്

## 2-6 പഞ്ചായത്ത് അംഗം ആയിരിക്കെ പഞ്ചായത്തുമായി കരാർ ചമയ്ക്കുകയും നിക്ഷിപ്ത താത്പര്യത്തോടെ പഞ്ചായത്ത് ആസ്തി കൈകാര്യം ചെയ്യുകയും ചെയ്തത് നിയമവിരുദ്ധം

ആർപ്പൂക്കര മെഡിക്കൽ കോളേജ് ഷോപ്പിംഗ് കോംപ്ലക്സിലെ 1/833 A, 1/818 – 832 മുറികൾ 2002 മുതൽ ലേലം കൊണ്ടിട്ടുള്ളത് നിലവിലും പഞ്ചായത്ത് അംഗമായി തുടരുന്ന ശ്രീ.ജസ്റ്റിൻ ജോസഫ്, തോട്ടിൽ എന്ന വ്യക്തിയാണ്. ടിയാൻ കരാർ പുതുക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സ്റ്റെയർകേസ് മുറി ആയിരുന്ന സമയത്ത് നിശ്ചയിക്കപ്പെട്ട 1/833എ നമ്പർ മുറിയുടെ കുറഞ്ഞ നിരക്കിലുള്ള വാടക പരിഷ്കരിക്കണമെന്ന ആവശ്യം അംഗീകരിക്കാതിരുന്നതിനാൽ 30.11.2011 ന് ശേഷം പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ, 12/14 മുതലുള്ള വാടക അടവാക്കുകയോ ചെയ്തില്ല. നിയമവ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കാതെ തന്നെ തുടർന്നുള്ള വർഷങ്ങളിലും ടിയാൻ മുറികൾ കൈവശം വെച്ചിട്ടുള്ളതായി കാണുന്നു. മുൻകരാർ പ്രകാരമുള്ള വാടകനിരക്കിൽ (1216 രൂപ) 12/14 മുതൽ 10/15 വരെയുള്ള വാടക 5,38,190 രൂപ ടിയാൻ പഞ്ചായത്തിൽ ഒടുക്കുകയും ആയത് പഞ്ചായത്ത് 'ഡെപ്പോസിറ്റ്' ഹെഡിൽ വരവ് വെച്ചിട്ടുള്ളതുമാണ്. 26.11.14 ലെ VI-ാം നമ്പർ കമ്മറ്റി തീരുമാനത്തിന്റെ പരിശോധനയിലും 30.07.2016 ൽ നടത്തിയ സ്ഥലപരിശോധനയിലും ശ്രീ.സുഭാഷ് വി., മംഗലശ്ശേരിക്കരി, ആർപ്പൂക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ള കെ.എം.വി.മെഡിക്കൽസ് എന്ന സ്ഥാപനമാണ് 1/833എ നമ്പർ മുറിയിൽ പ്രവർത്തിക്കുന്നതെന്നും ടി സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും അറിയുവാൻ കഴിഞ്ഞു. പഞ്ചായത്ത് മുറികളുടെ അനധികൃത കൈമാറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും വ്യാപകമായി നടക്കുന്നതായി സൂചന ലഭിച്ചിരിക്കുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 35(എഫ്) പ്രകാരം ഒരു കമ്പനിയിലെ ഓഹരിക്കാരൻ (ഡയറക്ടറല്ലാത്ത) എന്ന നിലയിലൊഴികെയോ അഥവാ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ മൂലം അനുവദിക്കുന്ന പ്രകാരമൊഴികെയോ സർക്കാരുമായോ (ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ) ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും കരാറിലോ അവയ്ക്കുവേണ്ടി ചെയ്യുന്ന ജോലിയിലോ എന്തെങ്കിലും അവകാശബന്ധം ആർജ്ജിക്കുകയോ (തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ) പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃ കമ്മറ്റിയുടെ കൺവീനർ എന്ന നിലയിൽ (തദ്ദേശസ്വയംഭരണ സ്ഥാപനവുമായി) കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയോ ആണെങ്കിൽ അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്. കൂടാതെ, വകുപ്പ് 259 പ്രകാരം പഞ്ചായത്തിന്റെ ഏതെങ്കിലും (ഉദ്യോഗസ്ഥനോ ജീവനക്കാരനോ അംഗമോ) പഞ്ചായത്തുമായുള്ളതോ പഞ്ചായത്ത് ചെയ്യുന്നതോ പഞ്ചായത്തിന് വേണ്ടിയുള്ളതോ ആയ ഏതെങ്കിലും കരാറിലോ ജോലിയിലോ സ്വന്തമായോ ഒരു പങ്കാളിയോ മുതലാളിയോ ഭൃത്യനോ മുഖാന്തിരമോ ഏതെങ്കിലും സ്വന്തം ഓഹരിയോ അവകാശബന്ധമോ അറിഞ്ഞുകൊണ്ട് നേരിട്ടോ അല്ലാതെയോ സമ്പാദിക്കുന്നുവെങ്കിൽ, അയാൾ ഇന്ത്യൻ ശിക്ഷാ നിയമം 168-ാം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതായി പരിഗണിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ ടി മുറികൾ കൈവശം വെച്ചതും കൈമാറ്റം നടത്തിയും നിയമവിരുദ്ധമാണ്. ആയതിനാൽ, തുടരന്വേഷണം നടത്തി പഞ്ചായത്തംഗത്തിന്റെ പേരിലുള്ളതും, അനധികൃത കൈമാറ്റം നടന്നിട്ടുള്ളതുമായ മുറികളുടെ കരാർ അടിയന്തിരമായി റദ്ദ് ചെയ്ത് പുനർലേലം നടത്തുന്നതിനും, കുടിശ്ശിക വാടക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 മുൻ വർഷ വാടക കുടിശ്ശിക - 25.4 ലക്ഷം രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു

മെഡിക്കൽ കോളേജ് ഷോപ്പിംഗ് കോംപ്ലക്സിലെ 1/802, 1/802A,C മുറികളുടെ 7/08 മുതൽ 5/10 വരെ കാലയളവുകളിലെ വാടക കുടിശ്ശിക ഇനത്തിൽ പലിശയും പിഴപ്പലിശയും ഉൾപ്പെടെ 21,61,035 രൂപ ഡോ.ലിജി ജോർജ്ജ്, പുത്തൻ പറമ്പിൽ, കുന്നുംഭാഗം പി.ഒ., കാഞ്ഞിരപ്പള്ളി എന്നയാളിൽ നിന്നും ഈടാക്കുന്നതിന് വാറന്റ് പുറപ്പെടുവിച്ചിട്ടുള്ളതായി അഡ്വ.ജി.ജയകുമാറിന്റെ 29.9.14 ലെ കത്തിൽ നിന്നും വ്യക്തമാകുന്നു.(എസ്.ടി.നമ്പർ 412/2011)

കൂടാതെ, 1/802ബി നമ്പർ മുറിയുടെ 9/2010 മുതൽ 3/2013 വരെയുള്ള കുടിശ്ശിക 2,93,158 രൂപ പലിശയും പിഴപ്പലിശയും അടക്കം 3,79,360 രൂപ ശ്രീമതി രാജി എസ്.പിള്ള, കിഴക്കേപറമ്പിൽ, എം.ഡി.സെമിനാരി, കോട്ടയം എന്ന വ്യക്തിയിൽ നിന്നും ഈടാക്കുവാനുള്ളതായി 19.3.13 ലെ ആർ.ആർ.ഡിമാന്റ് നോട്ടീസിൽ നിന്നും വ്യക്തമാകുന്നു.

ടി 25,40,395 രൂപ നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-8 പഞ്ചായത്ത് കെട്ടിടത്തിൽ അക്ഷയ സെന്റർ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പഞ്ചായത്ത് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഫ്രണ്ട് ഓഫീസിന് മുൻവശത്ത് സ്റ്റെയർകേസ് റൂമിൽ അക്ഷയയുടെ ഒരു ഹെൽപ്പ് ഡസ്ക്ക് പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ടി ഭാഗം അക്ഷയ സെന്ററിന് കൈമാറിയതിന്റെ യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് 18-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കറന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പ്രവർത്തിക്കുന്ന ടി സ്ഥാപനവുമായി കരാർ ചമച്ച് മിതമായ നിരക്കിൽ വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വനിതാ തൊഴിൽ പരിശീലന കേന്ദ്രം - നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല – വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 187/14-15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 310000(തനത് ഫണ്ട്) |
| ചെലവ് | 212808 (എം.ബുക്ക്65/13-14) |
| വൗച്ചർ നമ്പർ/ തീയതി | 51400726/5.11.14 ചെക്ക് നം.2788836/5.11.14 |

തൊണ്ണംകുഴി മാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാംനിലയിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന പേരിൽ പണിതിട്ടുള്ള കെട്ടിടത്തിന്റെ ഫ്ലോറിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, സെപ്റ്റിക് ടാങ്ക്, സിന്തറ്റിക് ടാങ്ക് എന്നിവയാണ് തൻ വർഷം ചെയ്തിട്ടുള്ളത്. പ്ലമ്പിംഗ് പണികൾ നടത്താതെയാണ് 25,000 രൂപ ചെലവിൽ 5000 ലിറ്ററിന്റെ സിന്തറ്റിക് ടാങ്ക് വച്ചിട്ടുള്ളത്. വയറിംഗ് ജോലികൾ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടത്തിൽ നാളിതുവരെ യാതൊരു തൊഴിൽ സംരംഭങ്ങളും ആരംഭിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ 2,12,808 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 തൊണ്ണംകുഴി മാർക്കറ്റ് നിർമ്മാണം - 35.35 ലക്ഷം രൂപയുടെ മൊബിലൈസേഷൻ അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല –പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം

തൊണ്ണംകുഴി മാർക്കറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രത്തിന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് 35,35,688 രൂപ ക്രമീകരിച്ചിട്ടില്ലാത്തതായി വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കാണുന്നു. സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളതായും പെയിന്റിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ പഞ്ചായത്ത് ചെയ്തിട്ടുള്ളതായും കാണുവാൻ കഴിഞ്ഞു. ടി കെട്ടിടത്തിന്റെ ജനാലകൾ പൊട്ടിച്ച നിലയിലാണ്. കൂടാതെ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുമില്ല. 60 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച ടി കെട്ടിടം നാളിതുവരെ

പ്രവർത്തനക്ഷമമാക്കുകയോ ഫൈനൽ ബിൽ നൽകി മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ ടി കെട്ടിടം സാമൂഹ്യ വിരുദ്ധരുടെ താവളമായി പരിണമിച്ചിരിക്കുകയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. നടപടിക്രമങ്ങളിലെ പാളിച്ചകൾ മൂലം നിലവിൽ പ്രോജക്ട് സ്തംഭനാവസ്ഥയിലാണ്. പഞ്ചായത്തിന് ഗണ്യമായ വരുമാന വർദ്ധനവിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമാകേണ്ടിയിരുന്ന ടി പ്രോജക്ട് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാൻ ഭരണസമിതി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പ്രവർത്തനക്ഷമമല്ലാത്ത തുടർവിദ്യാഭ്യാസകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത്- ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം- എസ് ഒ 216/15

അടങ്കൽ-63000/- (തനതുഫണ്ട്)

ചെലവ്-56045/-

കോൺട്രാക്ടർ- ശ്രീ.ശശികുമാർ കെ.പി., കക്കടിയിൽ വീട്

എം.ബുക്ക് നം.24/14-15

3-ാം വാർഡിൽ പഞ്ചായത്തിന്റെ കളിസ്ഥലത്ത് സ്ഥിതി ചെയ്യുന്ന തുടർസാക്ഷരതാകേന്ദ്രം കെട്ടിടത്തിന്റെ പെയിന്റിംഗ്, ടൈലിംഗ്, വാതിൽ-ജനൽ പിടിപ്പിക്കൽ എന്നിവയ്ക്കായി തൻവർഷം 56045/- തുപ (2818/- രൂപ നികുതിയുൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 28.7.16ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിനു ചുറ്റും കാടു പിടിച്ചും, കെട്ടിടം പൂട്ടില്ലാതെ തുറന്നും കിടക്കുന്നതായി കണ്ടു. മാത്രമല്ല കെട്ടിടത്തിന്റെ ഒരു ചുമരിൽ ഇന്റർലോക്ക് കട്ടകൾ ഉപയോഗിച്ച് വെന്റിലേഷൻ നൽകിയത് തകർന്നിട്ടുമുണ്ട്. തുടർസാക്ഷരതാകേന്ദ്രം നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടുമില്ല. കെട്ടിടം ഉപയോഗക്ഷമമാകുവാൻ വീണ്ടും അറ്റകുറ്റപ്പണി നടത്തേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഇപ്രകാരം യാതൊരു പ്രയോജനവും ലഭിക്കാത്ത പ്രവർത്തിക്കായി ചെലവഴിച്ച 56045/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി കോളനികളിൽ പൈപ്പ് ലൈൻ വലിയ്ക്കൽ- ബാലൻസ് തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 259/14-15 |
| അടങ്കൽ:- | 10,30,000/- |
| ചെലവ്:- | 10,30,000/- (എസ്.സി.പി ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2014-15 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം, പഞ്ചായത്തിലെ 12-ാം വാർഡിൽ, മുട്ടിനാർ കണ്ണങ്കരി, എസ്.സി കോളനിയിൽ കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി, കേരള വാട്ടർ അതോറിറ്റിയിൽ 10,30000/- രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിറ്റിയുടെ വിനിയോഗ സാക്ഷ്യ പത്രം (നം.437/2008UC, dated 12.01.2016) പ്രകാരം പണി പൂർത്തീകരിച്ചതായും 94,857 രൂപ വിനിയോഗിയ്ക്കാതെ ശേഷിയ്ക്കുന്നതായും അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി എസ്.സി.പി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-5 വിതരണരേഖകൾ ലഭ്യമല്ല ചെലവു തുകകൾ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)"<u>എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണം"-</u>

| | |
|---|---|
| പ്രോജക്ട് നം. | 258/14-15 |

| | |
|---|---|
| അടങ്കൽ | 580000/-(568000+ (എസ്.സി.പി ഫണ്ട്)+12000 (തനതു ഫണ്ട്) |
| ചെലവ് | 56,800/- (എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്ത് കമ്മറ്റിയുടെ 18.3.15 ലെ 1(1) നം. തീരുമാന പ്രകാരം, സയോൺ എജൻസീസ്, കോട്ടയത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ഇത് പ്രകാരം, ടി സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട് എന്നാൽ പഠനോപകരണങ്ങൾ കൈപ്പറ്റിയതിന്റയോ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. തീയതി | എണ്ണം | വില | ആകെ തുക | കൈമാറിയ തുക/ഡി.ഡി നം തീയതി |
|---|---|---|---|---|
| നം.14/23.3.15 | മേശ 143<br>കസേര 143 | മേശ-2550<br>കസേര-1450 | മേശ-364650<br>കസേര-207350<br>ആകെ-572000/- | 5,68,000/-<br>ഡി.ഡി.നം.302163/21.04.2015 |

വിതരണരേഖകൾ രേഖകൾ ലഭ്യമല്ലാത്തതിനാൽ 5,68,000/-രുപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)"എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ"-

| | |
|---|---|
| പ്രോജക്റ്റ് നം. | 255/14-15 |
| അടങ്കൽ | 65,800/-(എസ്.സി.പി ഫണ്ട്) |
| ചെലവ് | 65,800/ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | -അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തു കമ്മറ്റിയുടെ 18.3.15 ലെ 1(1) നം.തീരുമാന പ്രകാരം, കെ.ബി ശർമ്മ ബ്രദേഴ്സ്, കോട്ടയത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ഇത് പ്രകാരം ടി സ്ഥാപനം (4700/-രൂപ നിരക്കിൽ) 14 സൈക്കിളുകൾ നല്കിയിട്ടുണ്ട് (ബിൽ.നം.404 തീയ്യതി 27.4.15) ഡി.ഡി.നം.302173 തീയ്യതി 21.04.15 പ്രകാരം 65800 രൂപ (14x4700) സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. സൈക്കിളുകൾ നേരിട്ട് സ്കൂളുകൾക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഇവ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | വിതരണം ചെയ്ത സൈക്കിളുകളുടെ എണ്ണം/ തീയതി |
|---|---|---|
| 1 | സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ, ആർപ്പൂക്കര | 3, തീയ്യതി 18.5.15 |
| 2 | മെഡിക്കൽ കോളേജ് ഗവ.ഹയർ സെക്കന്ററി സ്കൂൾ, ആർപ്പൂക്കര | 4,തീയ്യതി 18.5.15 |
| 3 | ഗവ.എച്ച്.എസ്, ആർപ്പൂക്കര | 5,തീയ്യതി 18.5.15 |
| 4 | സെന്റ് എഫ്രേംമ്സ് സ്കൂൾ, മാന്നാനം | 2,തീയ്യതി 18.5.15 |

വിതരണരേഖകൾ ലഭ്യമല്ലാത്തതിനാൽ 65800 -രുപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

3)"എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണം"-

| | |
|---|---|
| പ്രോജക്റ്റ് നം. | 253/14-15 |
| അടങ്കൽ | 8000 (6000 റ്റി.എസ്.പി ഫണ്ട്)+2000(തനതു ഫണ്ട്) |
| ചെലവ് | 8000 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്ത് കമ്മറ്റിയുടെ 18.3.15 ലെ 1(1) നം.തീരുമാന പ്രകാരം, സയോൺ എജൻസീസ്, കോട്ടയത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ഇത് പ്രകാരം, ടി സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പഠനോപകരണങ്ങൾ കൈപ്പറ്റിയതിന്റയോ കുട്ടികൾക്ക് വിതരണം ചെയ്ടതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. / തീയ്യതി | എണ്ണം | വില | ആകെ തുക | കൈമാറിയ തുക,ഡി.ഡി നം തീയ്യതി |
|---|---|---|---|---|
| നം.15/23.3.15 | മേശ 2<br>കസേര 2 | മേശ-2550<br>കസേര-1450 | മേശ-5100/-<br>കസേര-2900<br>ആകെ-8000/- | 6000/-<br>302170 തീയ്യതി 21/04/2015 |

എം.കെ.എം. ചെലവ് പത്രിക പ്രകാരം, 8000/- രൂപ ചെലവുള്ളതായി കാണുന്നു. ബിൽ പ്രകാരം നൽകേണ്ട തുകയും 8,000/- രൂപയാണ്. എന്നാൽ വികസനഫണ്ടിൽ (റ്റി.എസ്.പി.) നിന്നുള്ള 6000/- രൂപയുടെ ചെലവ് രേഖകളെ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ. ബാലൻസ് തുകയായ 2,000/- രൂപ ചെലവ് ചെയ്ടതിന്റെ (തുക നൽകിയതിന്റേയോ, കൈപ്പറ്റിയതിന്റേയോ) രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകൾ ലഭ്യമല്ലാത്തതിനാലും 2000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും 8000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഭവന നിർമ്മാണം (പട്ടികജാതി) വീടു പണി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം.157/14-15

അടങ്കൽ:- 1,80,000/-

ചെലവ്:- 60,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ:-വി.ഇ.ഒ

2014-15 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതി പ്രകാരം, 2012-13 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ (ഒന്നാം വാർഡ്) ഉൾപ്പെട്ട ശ്രീമതി സുജാത സത്യൻ, മധുരത്തറ, ചീപ്പുങ്കൽ എന്ന വ്യക്തി 2014-15 വർഷം 60,000/- രൂപ കെപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാരി നാളിതുവരെ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./ തീയതി | തുക |
|---|---|---|
| 1 | 055200/02.4.13 | 20,000/- |
| 2 | 365231/26.2.15 | 60,000/- |
| | ആകെ | 80,000/- |

തുടർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി മേൽ ഗുണഭോക്താവിന്റെ വീടുപണി പൂർത്തികരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-7 ക്ഷീര കർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ്-“കാലിത്തീറ്റയ്ക്ക് ഇറക്കുകൂലി നല്കിയത് ക്രമ വിരുദ്ധം

പ്രോജക്റ്റ് നം :-105/14-15

അടങ്കൽ :-9,21,024 (വികസനഫണ്ട് (ജനറൽ)-3 ലക്ഷം, മറ്റുള്ളവ-621024)

ചെലവ്:3,00,000 (വികസനഫണ്ട് (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ :- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

"ക്ഷീര കർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് എന്ന പ്രോജക്ട് പ്രകാരം കാലിത്തീറ്റയ്ക്ക് ഇറക്കു കൂലിയിനത്തിൽ പനയമ്പത്ത് ക്ഷീരോല്പാദക സംഘം, സെക്രട്ടറിയ്ക്ക് 1735/- രൂപ (ഡി.ഡി നം.365724 തീയതി 27.3.15) നല്കിയിട്ടുണ്ട്. കേരള ഫീഡ്സിന്റെ 50 കി.ഗ്രാം വരുന്ന ഓരോ കാലിത്തീറ്റ പായ്ക്കറ്റിനും 25/- രൂപ വീതം ഹാൻഡ്ലിംഗ് ചാർജ്ജ് ഉൾപ്പെടെയാണ് ബിൽ തുക നൽകുന്നത്. ആയതിനാൽ പ്രത്യേക കയറ്റിറക്ക് കൂലി നൽകേണ്ടതില്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9) മറുപടിയായി കാലിത്തീറ്റ ഇറക്കിയത് ക്ഷീര സംഘം മുഖാന്തിരമായതിനാലാണ് ഇറക്കുകൂലി നല്കിയത് എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. കേരള ഫീഡ്സിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കയറ്റിറക്കു കൂലി ഉൾപ്പെടെയാണ് തുക നൽകുന്നത് എന്നതിനാൽ ഇറക്കു കൂലിയിനത്തിൽ പനയമ്പത്ത് ക്ഷീരോല്പാദക സംഘം, സെക്രട്ടറിയ്ക്ക് 1735/-രൂപ നല്കിയത് ക്രമ പ്രകാരമല്ല. ആയതിനാൽ ഇറക്കു കൂലിയിനത്തിൽ പനയമ്പത്ത് ക്ഷീരോല്പാദക സംഘം, സെക്രട്ടറിയ്ക്ക് നല്കിയ 1735/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 എം.ജി.എൻ.ആർ.ഇ.ജി.എസ്

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2014-15 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2014-15 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 54 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ ആകെ 121 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2014-15 വർഷം 23097 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 725 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. എല്ലാ ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. പാടശേഖരങ്ങളുടെ മണ്ണുനീക്കി ആഴം വർദ്ധിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ഐ.എ.വൈ ഭവനനിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27092 |
| വരവ് | 5304580 (EFMS ഉൾപ്പെടെ) |
| ആകെ | 5331672 |
| ചെലവ് | 5331672 |
| നീക്കിയിരിപ്പ് | 0 |

ക്യാഷ് ബുക്കും പാസ് ബുക്കും പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് കണക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷിക കണക്കുകളായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ ഈ തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ നിക്ഷേപപ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 51400406/12.8.14<br>51401008/13.1.15<br>51401138/21.2.15 | 51,060<br>4,00,000<br>96,800 | 5,47,860 | - |
| കെഎസ്ഇബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 51400408/12.8.14<br>51400684/24.10.14 | 26,532<br>67,936 | 94,468 | - |
| കേരള വാട്ടർ അതോറിട്ടി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.302174/ 21.4.15 | 10,30,000 | 9,35,143 | 94,857 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2107 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 | 3-9 | 696 | ശ്രീമതി സി.എസ്.ശോശാമ്മ, മുൻസെക്രട്ടറി | 11408116566/6.3.16 |
| 2012-13 | 2-5 | 1,411 | ,, | 11408116565/6.3.16 |
| | ആകെ | 2,107 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35<br>38 | 2002-03 | 5-4(1)<br>5-4(2) | പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് | - |

| | | | | | |
|---|---|---|---|---|---|
| | | | | പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. | |

4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,97,22,374 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,16,11,244 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,115 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,12,388 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3,915 | | ശ്രീ.പി.ജി.മധുസൂദനനൻ നായർ, സെക്രട്ടറി (1339/- രൂപ)<br>ശ്രീ.സൈമൺ വർഗ്ഗീസ്, സെക്രട്ടറി (2576/- രൂപ,) |
| 2-3 | 1,200 | | ശ്രീ.പി.ജി.മധുസൂദനനൻ നായർ, സെക്രട്ടറി |
| ആകെ | 5,115 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,12,808 | ശ്രീ.പി.ജി.മധുസൂദനനൻ നായർ, സെക്രട്ടറി |
| 3-3 | 56,045 | ശ്രീമതി സൗമ്യ കെ., അസി.എഞ്ചിനീയർ |
| 3-5 | (1) 5,68,000<br>(2) 65,800<br>(3) 8,000 | ശ്രീ.ടോം കെ.ജോസഫ്, അസി.സെക്രട്ടറി |
| 3-7 | 1,735 | ശ്രീ.കെ.മനോഹരൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 9,12,388 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജി.മധുസൂദനൻ നായർ | റിട്ട. സെക്രട്ടറി | കൃഷ്ണവിലാസം, അങ്ങാടിക്കൽ സൗത്ത് പി.ഒ., അടൂർ (വഴി), കൊടുമൺ, പത്തനംതിട്ട. |
| ശ്രീ.സൈമൺ വർഗ്ഗീസ് | റിട്ട. സെക്രട്ടറി | പുത്തൻപറമ്പിൽ, ചിങ്ങവനം പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | നം.എൽ.എഫ്.കെ.പി3/810/03/17.5.04/9.6.04 | - |
| 2000-01 | നം.എൽ.എഫ്.കെ.പി4/677/07/17.12.07 | - |
| 2001-02 | നം.എൽ.എഫ്.കെ.പി4/719/07/21.1.08 | |
| 2002-03 (ചെലവ്) | നം.എൽ.എഫ്.കെ.പി4/243/07/11.2.08 | - |
| 1996-97 (വരവ്) | നം.എൽ.എഫ്.കെ.പി10/277(2)/ അദാ.)/14/31.5.14 | - |
| 1998-99(വരവ്) | നം.എൽ.എഫ്.കെ.പി10/277(5)/ അദാ.)/14/31.5.14 | - |
| 2002-03(വരവ്) | നം.എൽ.എഫ്.കെ.പി4/743/07/11.2.08 | - |
| 2003-04 | നം.എൽ.എഫ്.കെ.പി4/989/09/10.6.09/4.10.09 | - |
| 2004-05 | നം.എൽ.എഫ്.കെ.പി4/618/09/29.12.09/27.3.10 | |
| 2005-06 | നം.എൽ.എഫ്.കെ.പി4/619/09/21.2.11 | - |
| 2006-07 | നം.എൽ.എഫ്.കെ.പി4/595/10/24.1.11/8.11.11 | - |
| 2007-08 | നം.എൽ.എഫ്.കെ.പി4/596/10/27.1.11/8.11.11 | - |
| 2008-09 | നം.എൽ.എഫ്.കെ.പി10/26/13/9.4.13 | - |
| 2009-10 | നം.എൽ.എഫ്.കെ.പി10/27/13/9.5.13 | - |

| | | |
|---|---|---|
| 2010-11& 2011-12 | നം.എൽ.എഫ്.കെ.പി10/1340/13/22.10.13 | 13 |
| 2012-13 | നം.എൽ.എഫ്.കെ.പി10/281/15/21.4.15 | 13 |
| 2013-14 | നം.കെ.എസ്.എ-കെ.ടി.എം.പി10/1133/15/25.1.16 | 11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം 1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി10/1130/2016**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 04.08.2016**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ** വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2014-15-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**